പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3419 14-10-2011 ലെ മറുപടിക്ക്

## ഗവേഷണ പ്രവർത്തനങ്ങൾക്ക് വനം വകുപ്പിന്റെ സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. എം.പി. വിൻസെന്റ് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പുമന്ത്രി) |
| (എ) ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വന്യജീവി വകുപ്പ് പണം നൽകുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) കേരള ഫോറസ്റ്റ് ഡവലപ്മെന്റ് റൂൾസ് 1980 പ്രകാരം ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വന്യജീവി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. വനം വകുപ്പിലെ ഗവേഷണ വിഭാഗങ്ങളെ കൂടാതെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നീ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനായി സാമ്പത്തിക സഹായം നൽകുന്നുണ്ട്. |
| (ബി) ഗവേഷണ പ്രവർത്തനങ്ങൾക്ക് പണം കൈപ്പറ്റുന്നവർ പ്രബന്ധങ്ങൾ കൃത്യമായി യഥാസമയം വകുപ്പിന് നൽകാറുണ്ടോ; | (ബി) ഗവേഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം കൈപ്പറ്റുന്നവർ പ്രബന്ധങ്ങൾ കൃത്യമായി നൽകാറുണ്ട്. എന്നാൽ ഇത് എല്ലാ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം ലഭ്യമാകാറില്ല. |

| | |
|---|---|
| (സി) ഇല്ലെങ്കിൽ ഇവർക്കെതിരെ എന്തു നടപടികളാണ് കൈക്കൊണ്ടു വരുന്നത്; | (സി) ഗവേഷണ പ്രബന്ധങ്ങൾ നൽകാനുള്ളവരോട് ഉടൻതന്നെ പ്രബന്ധങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രബന്ധങ്ങൾ യഥാസമയം നൽകാതിരിക്കുന്ന സാഹചര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇതിനെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; അന്വേഷണ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ; | (ഡി) ഗവേഷണത്തിന്റെ അവസാന റിപ്പോർട്ട് യഥാസമയം ലഭ്യമാകാത്ത പ്രോജക്ടുകൾ ഉണ്ട്. എന്നാൽ പ്രോഗ്രസ് റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാകാറുണ്ട്. അവസാന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാകാത്തതിനെതിരെ അന്വേഷണം ഒന്നും തന്നെ നടത്തിയിട്ടില്ല. |
| (ഇ) ആരൊക്കെയാണ് യഥാസമയം പ്രബന്ധങ്ങൾ നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ അവസാന റിപ്പോർട്ട് സമർപ്പിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ